സ്പീഡ് ഗവർണ്ണർ പരിശോധന

100 (2199) ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചരക്ക് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനും അവ മൂലമുണ്ടാകുന്ന റോഡപകടങ്ങൾ ഇല്ലാതാക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ചരക്ക് വാഹനങ്ങൾ ഉണ്ടെന്നറിയിക്കുമോ ;

(സി) ഇത്തരം വാഹനങ്ങളിൽ ഉപയോഗിക്കേണ്ട സ്പീഡ് ഗവർണ്ണർ പലപ്പോഴും കേടുവരുത്തുകയോ ഇളക്കിമാറ്റുകയോ ചെയ്യുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വലിയ വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ പ്രവൃത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഇപ്പോൾ എന്തൊക്കെ സൗകര്യങ്ങളാണുള്ളത് ;

(ഇ) ഇത്തരം പരിശോധനയ്ക്കുള്ള ആധുനിക ഉപകരണങ്ങൾ മോട്ടോർ വെഹിക്കിൾ വകുപ്പിന് ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ചരക്ക് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി ടിപ്പർ ലോറികളിലും ഹെവി വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. ചരക്ക് വാഹനങ്ങൾ മൂലമുണ്ടാകുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം വാഹന പരിശോധന നടത്തുന്നുണ്ട്. ഇതിനായി 17 റീജിയണൽ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവൃത്തിക്കുന്നുണ്ട്. ഓഫീസ് തലങ്ങളിൽ നടന്നുവരുന്ന പരിശോധനകൾക്കു പുറമെ സംസ്ഥാനത്ത് ആകമാനമുള്ള മോട്ടോർ വാഹന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് സ്പീഡ് ഗവർണ്ണർ, അമിത വേഗത തുടങ്ങിയതുൾപ്പെടെയുള്ള വിഷയങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രത്യേക പരിശോധനകൾ സംഘടിപ്പിക്കാറുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തിന്റെ നാലു മേഖലകളിലായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഇന്റർ സെപ്റ്റർ വാഹനം ഉപയോഗിച്ച് 4 മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകളിലുള്ള ഫ്ളൈയിംഗ് സ്ക്വാഡ് ചെക്കിംഗുകളും നടത്തിവരുന്നുണ്ട്. ഇതുകൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തലങ്ങളിൽ ചരക്കുവാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 30-1-2010 വരെ ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 4,01,711 ചരക്കുവാഹനങ്ങൾ ഉണ്ട്.

(സി&ഡി) വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും, വാർഷികമായി വാഹനങ്ങൾക്ക് നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനാ വേളയിലും ചെക്കിംഗ് നടത്തുമ്പോഴും വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണറുകൾ ഘടിപ്പിച്ചിട്ടുണ്ടോ എന്നും അവ പ്രവർത്തനക്ഷമമാണോ എന്നും പരിശോധിക്കാറുണ്ട്. ഇതുകൂടാതെ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും ലഭ്യമാക്കിയിട്ടുള്ള ഹാൻഡ് ഹെൽഡ് പ്രോഗ്രാമുകൾ ഉപയോഗിച്ച് പരിശോധന നടത്താറുണ്ട്.

(ഇ) സ്വീകരിച്ചുവരുന്നുണ്ട്.

റോഡ് സുരക്ഷാ ക്ലബ്ബുകൾ

101 (2200) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര റോഡ് സുരക്ഷാ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട് ; ഈ ക്ലബ്ബുകളിൽ എത്ര അംഗങ്ങളുണ്ട് ;

(ബി) പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഗതാഗത വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ& ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം വാഹന പരിശോധന നടത്തുന്നുണ്ട്. ഇതിനായി 17 ആർ.ടി. ഓഫീസുകളിലും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. രാത്രി കാലങ്ങളിലും വാഹന പരിശോധന സംഘടിപ്പിക്കാറുണ്ട്. ഓഫീസ് തലങ്ങളിൽ നടന്നു വരുന്ന പരിശോധനകൾക്ക് പുറമേ സംസ്ഥാനത്ത് ആകമാനമുള്ള മോട്ടോർ വാഹന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക വിഷയങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly